"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ, മലയാറ്റൂർ വില്ലേജിൽ, ബ്ലോക്ക് 22, റീസർവ്വേ 111, 209/5 എന്നിവയിൽപ്പെട്ട പാറ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 17 പേർക്ക് പട്ടയം അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.44/2026/RD    തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:-

1. എറണാകുളം ജില്ലാ കളക്ടറുടെ 04.12.2023 ലെ DCEKM/9216/2023-L2 നമ്പർ കത്ത്.
2. മൈനിംഗ് & ജിയോളജി വകുപ്പ്, എറണാകുളം ജില്ലാ ഓഫീസിന്റെ 09.04.2025 ലെ DOERN-DMG/251/2025-M നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.06.2025 ലെ LR/10855/2023-LR(PM-4) നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ, ആലുവ താലൂക്കിൽ, മലയാറ്റൂർ വില്ലേജിൽ, ബ്ലോക്ക് 22, റീസർവ്വേ 111, 209/5 എന്നിവയിൽപ്പെട്ട പാറ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 17 പേർക്ക് പട്ടയം അനുവദിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി.

2) റീസർവ്വേ 111, 209/5 എന്നിവയിൽ ഉൾപ്പെട്ട ഭൂമി ബി.റ്റി.ആർ പ്രകാരം ഇനം 'പുറമ്പോക്ക്' ആയും റിമാർക്സ് കോളത്തിൽ യഥാക്രമം 'പാറ പുറമ്പോക്ക്' എന്നും രേഖപ്പെടുത്തിയിട്ടുള്ളതാണ്. അപേക്ഷകരുടെ കൈവശ കാലയളവ് 6 മുതൽ 45 വർഷം വരെയാണെന്ന് ലാൻഡ് റവന്യൂ കമ്മീണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 17 അപേക്ഷകരും ടി ഭൂമിയിൽ വീട് വച്ച് താമസിച്ചു വരുന്നുവെന്നും, അപേക്ഷാവസ്തു പാറപുറമ്പോക്കിൽ ഉൾപ്പെടുന്നതാണെങ്കിലും പതിവിന് അനുയോജ്യമാണെന്ന് സ്ഥല

പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്നും, 17 അപേക്ഷകരിൽ 6 പേരുടെ കൈവശം കൂടുതൽ ഭൂമിയുള്ളതും എന്നാൽ വീട് വച്ച് താമസിക്കുന്നവർക്ക് പരമാവധി അനുവദിക്കാവുന്ന 15 സെന്റ് എന്ന് പരിമിതപ്പെടുത്തിയാണ് സ്കെച്ച് മഹസ്സർ തയ്യാറാക്കിയിട്ടുള്ളതെന്നും ജില്ലാ കളക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) റീസർവ്വേ - നം. 111-ൽ ഉൾപ്പെട്ട സ്ഥലത്ത് ഖനനത്തിന് ആവശ്യമായ വിസ്തൃതിയിലും വ്യാപ്തത്തിലും ഉള്ള ധാതു നിക്ഷേപം ഇല്ലാത്തതിനാൽ ശാസ്ത്രീയമായ രീതിയിൽ ഖനന പ്രവർത്തനങ്ങൾ നടത്തുവാൻ 2015-ലെ കേരളാ മൈനർ മിനറൽ കൺസ്യൂഷൻ ഭേദഗതി ചട്ടങ്ങൾ പ്രകാരം സാധ്യമല്ലാത്തതാണെന്നും, റീസർവ്വേ 209/5-ൽ ഉൾപ്പെട്ട ഭൂമിയിൽ ഖനനത്തിന് ഉതകുന്ന രീതിയിലുള്ള ധാതു സമ്പത്ത് ഇല്ലാത്തതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതായി മൈനിംഗ് & ജിയോളജി വകുപ്പ് പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ, ആലുവ താലൂക്കിൽ, മലയാറ്റൂർ വില്ലേജിൽ, ബ്ലോക്ക് 22, റീസർവ്വേ 111, 209/5 എന്നിവയിൽപ്പെട്ട പാറ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന അർഹരായ 17 പേർക്ക് പാറയുള്ള ഭാഗം അളന്ന് മാറ്റി സർക്കാർ ഭൂമിയായി സംരക്ഷിച്ചുകൊണ്ട്, വീടിരിക്കുന്ന ഭൂമിയിൽ ഖനനം നടത്താൻ പാടില്ലായെന്ന നിബന്ധനയോടെ പട്ടയം അനുവദിയ്ക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

6) എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനു എസ് നായർ ഐ എ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, എറണാകുളം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
5. കരുതൽ ഫയൽ (എ3/137/2025/റവ)

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran S
Date: 30-01-2026 12:22:13

സെക്ഷൻ ഓഫീസർ